# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 26, തിങ്കൾ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2018 മാർച്ച് മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ......... ചോദ്യം നമ്പർ *511

### ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം.

1 (*511) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) അഫിലിയേഷൻ നൽകുന്നതിനുമുമ്പ് സാങ്കേതിക വിദ്യാഭ്യാസരംഗത്തെ വിദഗ്ദ്ധർ എതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ;

(ഡി) നിലവിൽ എത്ര കോളേജുകൾക്കാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്;

569/20

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഏതെങ്കിലും ഈ വർഷം അടച്ചുപൂട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇന്ത്യയിലെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മാറ്റിയെടുക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, (എ) ഉണ്ട്.

(ബി&സി) 2015-16 അധ്യയന വർഷം മുതൽക്കാണ് സർവ്വകലാശാല, കോളേജുകളെ അഫിലിയേറ്റ് ചെയ്തുതുടങ്ങിയത്. മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും സർവ്വകലാശാലയിൽ അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. അപേക്ഷ നൽകുന്ന കോളേജുകളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ രണ്ട് അദ്ധ്യാപകർ അടങ്ങുന്ന ഒരു expert visit committee പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അഫിലിയേഷൻ നൽകുന്നത്. അഫിലിയേഷനുവേണ്ടി അപേക്ഷിക്കുന്ന കോളേജുകൾക്ക് അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ, അവ പരിഹരിക്കുന്നതിന് കോളേജുകൾക്ക് സമയം നൽകും. അതിനുശേഷം രണ്ട് അദ്ധ്യാപകർ അടങ്ങിയ ഒരു Scrutiny/Appeal Committee വിശദമായ പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകൾക്ക് അഫിലിയേഷൻ നൽകും. ഓരോ വർഷവും AICTE പുറത്തിറക്കുന്ന അപ്രൂവൽ പ്രോസസ്സ് ഹാൻഡ്ബുക്കിലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് അഫിലിയേഷൻ നൽകുന്നത്.

(ഡി) 2017-18 അധ്യയന വർഷത്തിൽ 154 കോളേജുകൾക്കാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്. 2018-19 വർഷത്തേക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. 2017-18 അധ്യയന വർഷം അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിൽ ചുവടെ ചേർത്തിരിക്കുന്ന 3 കോളേജുകൾ വിദ്യാർത്ഥികളുടെ പരാതിയുടെയും മാനേജ്മെന്റിന്റെ ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. Pinnacle College of Engineering, Kollam

2. Aryanet College of Engineering , Palakkad

3. K.M.P. College of Engineering, Ernakulam.

2018-19 അധ്യയന വർഷത്തേയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന 2 കോളേജുകൾ അടച്ചുപൂട്ടുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്:

1. Prime College of Engineering, Palakkad.

2. K.V.M College of Engineering, Cherthala.

(എഫ്) എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയുള്ളതുമാക്കി മാറ്റുന്നതിനായി സർക്കാർ സർവ്വകലാശാല ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കുകയുണ്ടായി. അതുപ്രകാരം സർവ്വകലാശാലയുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുവാനും ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും ഇ-ഗവേണൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇ-ഗവേണൻസ് സംവിധാനത്തിൽ വേണ്ട പരിഷ്ക്കാരങ്ങൾ സംബന്ധിച്ച പുനഃപരിശോധനകൾക്കായി സർവ്വകലാശാലയുടെതന്നെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് നാഷണൽ ലെവലിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യത്തെ 100 സ്ഥാപനങ്ങളിൽ ഒന്നുപോലും നമ്മുടെ സംസ്ഥാനത്തില്ലെന്ന പരിതാപകരമായ അവസ്ഥ സർക്കാർ ഗൗരവമായെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുക എന്നതുതന്നെയാണ് എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പലതരത്തിലുള്ള ജനാധിപത്യവൽക്കരണ പരിപാടികളിലൂടെ ഉദ്ദേശിക്കുന്നത്. അതുപോലെ ടെക്യൂപ് 1, 2 തുടങ്ങിയ പ്രവർത്തനങ്ങളെത്തുടർന്ന് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള അക്കാദമിക് മാസ്റ്റർപ്ലാനിലൂടെ കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വർദ്ധിപ്പിക്കുവാനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. വരുന്ന കുറച്ച് വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഇന്ത്യയിലെ അറിയപ്പെടുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ ചിലതായി മാറും. ആ രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് തുടക്കംകുറിച്ചിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ ഏതൊക്കെ ശിപാർശകൾ നടപ്പിലാക്കി; ഇനിയും കൂടുതൽ ജിഷ്ണു പ്രണോയ്മാരെ സൃഷ്ടിക്കാതെ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണതോതിൽ നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും, ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാന ക്യാബിനറ്റ് തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ എടുത്ത് അതിനനുസരിച്ചുള്ള തുടർനടപടികൾക്ക് സർക്കാർ തുടക്കംകുറിച്ചിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങളെല്ലാം നേരത്തെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, വളരെ ഉയർന്ന ചില ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രൂപീകരിച്ചത്. പക്ഷേ ഇപ്പോഴും അതിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നില്ല എന്നുള്ള പരാതികളുണ്ട്. ഇതിന്റെ സ്റ്റാറ്റ്യൂട്ടുകൾ പലതും രൂപീകരിക്കപ്പെട്ടിട്ടില്ല. ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ തന്നെ ഡീനിന്റെ വാഹനം വാങ്ങുന്നതുൾപ്പെടെ ധൂർത്തിനും മറ്റ് കാര്യങ്ങൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നതെന്ന ആക്ഷേപമുണ്ട്. എത്രയുംപെട്ടെന്ന് ഇത് പരിഹരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ; അതുപോലെ, വിദ്യാർത്ഥികളുടെ ഒരു പ്രധാനപ്പെട്ട വിഷയത്തിലേയ്ക്ക് അങ്ങയുടെ അടിയന്തര ഇടപെടലിലേയ്ക്കായി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധ ക്ഷണിക്കുകയാണ്. 2015-2017-ലെ ആദ്യ ബാച്ച് എം.ടെക്. വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുകയും അവർക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒറിജിനൽ സർട്ടിഫിക്കറ്റ് ഇതുവരെ നൽകിയിട്ടില്ല. പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ കാലാവധി ഈ മാർച്ച് മാസത്തോടുകൂടി അവസാനിക്കുകയാണ്. ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ അവർക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി അവർക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് അടിയന്തരമായി നൽകുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കെ. ടി. യു. പുനരാവിഷ്കരിക്കാൻ ശ്രമിക്കുന്നതുതന്നെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ്. അദ്ദേഹം പറഞ്ഞതുപോലെ ഒന്നുരണ്ട് വർഷങ്ങളായി നിരവധി പ്രശ്നങ്ങൾ നിലനിന്നിരുന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയാണ് ജനാധിപത്യവല്ക്കരണ പ്രക്രിയ നടത്തിയത്. കുട്ടികളുടെ പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുകൊണ്ടുതന്നെ പുതിയതായി രൂപീകരിച്ച ബോർഡ് ഓഫ് ഗവർണേഴ്സിൽ 4 വിദ്യാർത്ഥി പ്രതിനിധികളുണ്ടായിരുന്നത് 6 വിദ്യാർത്ഥി പ്രതിനിധികളാക്കിയിട്ടുണ്ട്. വനിത, എസ്.സി./എസ്.റ്റി പ്രാതിനിധ്യമുൾപ്പെടെ ചേർത്തുകഴിഞ്ഞു. അതായത്, സർവ്വകലാശാലയുടെ പ്രധാനപ്പെട്ട തീരുമാനങ്ങളിൽ കുട്ടികൾക്കുകൂടി കൂടുതൽ പങ്കാളിത്തമുണ്ടാകുന്നതിനുള്ള അവസരമുണ്ടാക്കിയത് കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നേരിട്ട് കുട്ടികൾക്ക് ഇടപെടുന്നതിനുവേണ്ടിയാണ്. സർട്ടിഫിക്കറ്റ് നൽകാത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എത്രയുംവേഗം നടപടികളുണ്ടാകും. ഞാനും സർവകലാശാല അധികൃതരും കുട്ടികളുമായി ചർച്ച നടത്തുകയും കുട്ടികൾ പറഞ്ഞ ആവശ്യങ്ങളിൽ പലതും അംഗീകരിക്കുകയും ബഹുഭൂരിപക്ഷം ആവശ്യങ്ങളും നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. വളരെ നല്ലരീതിയിൽ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ചുവടുവയ്പിലാണ് ഇപ്പോൾ സർവകലാശാല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എ. പി. ജെ. അബ്ദുൾ കലാം വിശ്വപ്രസിദ്ധനായ ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ നാമത്തിലാണ് ഈ സർവ്വകലാശാല കൊണ്ടുവന്നത്. ഉണർന്നിരിക്കുമ്പോൾ സ്വപ്നം കാണണമെന്നതാണ് കുട്ടികൾക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രത്യേക ഉപദേശം. ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും നമ്മൾ ഉറങ്ങുമ്പോൾ കാണുന്ന സ്വപ്നങ്ങളായി നിലനിൽക്കുകയാണ്. അദ്ധ്യാപകരടങ്ങുന്ന കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അഫിലിയേഷൻ നൽകുന്നതെന്ന് നേരത്തെ പറഞ്ഞു. അതിനായി അദ്ധ്യാപകരെ നിയമിക്കുന്നതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ അവർക്ക് വിദഗ്ദ്ധമായ എന്ത് അറിവാണുള്ളതെന്നും ഏത് വിദഗ്ദ്ധ കമ്മിറ്റിയാണ് എന്നത് സംബന്ധിച്ചും പരിശോധിച്ചിട്ടില്ല. സാധാരണ ഒരു അദ്ധ്യാപകന്റെ ഉപദേശ പ്രകാരമോ അല്ലെങ്കിൽ ഭരണസമിതിയിലുൾപ്പെട്ട അദ്ധ്യാപകന്റെ ഉപദേശപ്രകാരമോ നൽകുന്ന സാധാരണ ഗതിയിലുള്ള അഫിലേയഷനായിപ്പോയതുകൊണ്ടാണ് ഇത് പൂട്ടുന്നതിനുവേണ്ടിയുള്ള ആവശ്യങ്ങൾ വന്നിരിക്കുന്നത്. ഇന്ന് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് വളരെ താഴ്ന്ന നിലവാരമാണുള്ളത്. അത് അങ്ങയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അങ്ങ് ഇത് ഡെമോക്രറ്റൈസ് ചെയ്യുന്നതിനുവേണ്ടി ഒരു പുതിയ ബിൽ കൊണ്ടുവരും, അതിന് ഒരു ഓർഡിനൻസ് ഇറക്കി എന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. ആ ഓർഡിനൻസ് ഒരു അയഞ്ഞ കമ്പിളിയായിപ്പോയില്ലേ? കാരണം ആ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാനുള്ള ബിൽ ഈ നിയമസഭാ സമ്മേളനത്തിലില്ല. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ അത് ക്യാൻസലായിപ്പോവുകയും വീണ്ടും ഓർഡിനൻസ് ഇറക്കേണ്ടിയും വരും. നിയമസഭയെപ്പോലും കോൺഫിഡൻസിലെടുക്കാതെ, വേണ്ടവിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്താതെ, ആവശ്യമായ എക്സ്പെർട്ട്സിനെ നിയമിക്കാതെ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന സാധാരണ പ്രവർത്തനം കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം തകർന്ന് തരിപ്പണമാകുന്നതിന് ഇടയാക്കില്ലേ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അങ്ങയുടെ ആശങ്ക അസ്ഥാനത്താണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്താൻ വലിയ ശ്രമം തുടങ്ങിയിരിക്കുകയാണ്. ഓർഡിനൻസ് വന്നു, അതുപ്രകാരം സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനുവേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുകയാണ് ചെയ്തത്. ബോർഡ് ഓഫ് ഗവർണേഴ്സിൽ വിദ്യാർത്ഥി പ്രാതിനിധ്യവും എസ്.സി./എസ്.ടി. പ്രാതിനിധ്യവും കൂട്ടുകയും പ്രിൻസിപ്പൽമാരുടെ പ്രാതിനിധ്യവും സ്വാശ്രയ കോളേജ് മാനേജർമാരുടെ പ്രാതിനിധ്യവും കുറയ്ക്കുകയും ചെയ്തു. അക്കാദമിക് എക്സലൻസുണ്ടാകത്തക്ക രീതിയിൽ അക്കാദമിക് രംഗത്ത് മാറ്റം വരത്തക്കവിധമുള്ള ബോർഡ് ഓഫ് സ്റ്റഡീസ് ആദ്യമായാണ് ടെക്നോളജിക്കൽ സർവ്വകലാശാലയിൽ രൂപീകരിക്കുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ് വരുമ്പോൾ സിലബസ് പരിഷ്കരണവും അതിന്റെ ഡെപ്തിലേക്ക് പോകാവുന്ന തലമൊക്കെയുണ്ടാകും. അങ്ങ് സൂചിപ്പിച്ചതുപോലെ നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അവർക്ക് പരിശീലനം നൽകി അവരെ ശാക്തീകരിച്ച് അഫിലിയേഷൻ പരിശോധന ശക്തമാക്കും. അതാണ് അങ്ങ് സൂചിപ്പിച്ചത്. അത് പരിഹരിക്കാനാണ് ബോർഡ് ഓഫ് സ്റ്റഡീസും പ്ലാനിംഗ് ബോർഡുമൊക്കെ രൂപീകരിക്കുന്നത്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പ്ലാനിംഗ് ബോർഡ് ആദ്യമായാണ് രൂപീകരിക്കുന്നത്. കേരളത്തിലെ മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകളുടെയും അക്കാദമിക് നിലവാരവും ഭൗതിക നിലവാരവും ഉയർത്തുന്നതിനായി പ്ലാനിംഗ് കമ്മിറ്റിയും ഫിനാൻസ് കമ്മിറ്റിയുമൊക്കെ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ വന്നു കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങളൊക്കെ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എല്ലാവരും ഇപ്പോൾ പ്രകടിപ്പിക്കുന്ന ആശങ്കയില്ലാതാക്കുന്ന നടപടികളുടെ തുടക്കമാണ്. ഇന്നത് പൂർണ്ണമായും മാറിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെല്ലാം മോശമാണെന്ന അഭിപ്രായം എനിക്കില്ല. നന്നായി പഠിപ്പിക്കുന്ന അദ്ധ്യാപകരും നന്നായി പഠിക്കുന്ന വിദ്യാർത്ഥികളുമുള്ള നല്ല നിലവാരത്തിലുള്ള കോളേജുകൾ കേരളത്തിലുണ്ട്. അങ്ങനെയല്ലാത്ത ചില കോളേജുകളുമുണ്ട്. അവിടെയാണ് കൂടുതൽ ശ്രദ്ധ കൊടുത്ത് പൂർണ്ണമായും നല്ല അക്കാദമിക് നിലവാരത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല തുടങ്ങിയതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം വിദ്യാഭ്യാസത്തോടൊപ്പം റിസർച്ചിന് പ്രാതിനിധ്യം നൽകുക എന്നതാണ്. അവിടെ ഇതുവരേയും റിസർച്ചിനുള്ള നടപടികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം ഇത്രയും കാലമായിട്ടും ഒരു ആസ്ഥാന മന്ദിരം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിന് അടുത്തുള്ള വിളപ്പിൽ പഞ്ചായത്തിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നെന്നാണ് മനസ്സിലാകുന്നത്. ആ സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനമന്ദിരം തുടങ്ങി റിസർച്ച് പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയും ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. വിളപ്പിൽ പഞ്ചായത്തിൽ അതിനുള്ള സ്ഥലം കണ്ടെത്തി വിദഗ്ദ്ധരായിട്ടുള്ളവരെല്ലാം ചെന്ന് നോക്കിയിട്ടുണ്ട്. അതിന്റെ പ്രാഥമിക നിലപാടുകൾ എടുത്തുകഴിഞ്ഞു. ആദ്യഘട്ടം കഴിഞ്ഞ് റവന്യൂ വകുപ്പിലേയ്ക്ക് അതിന്റെ പേപ്പർ പോകുകയാണ്. അത് പൂർത്തീകരിച്ചു കഴിഞ്ഞാൽ മറ്റ് നടപടികൾ ആരംഭിക്കും. സമയം കൃത്യമായി പറയാൻ പറ്റില്ലെങ്കിലും ഏറ്റവും

വേഗം ആ ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കും. പണമൊക്കെ സർവ്വകലാശാലയ്ക്കുണ്ട്. എത്രയും വേഗം അതിന്റെ ആസ്ഥാനം നിർമ്മിക്കാനുള്ള ശ്രമം നടത്തും.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, എ. പി. ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകൾ അടക്കമുള്ള കേരളത്തിലെ വിവിധ സ്വാശ്രയ കോളേജുകളിൽ പൊതുവെ നിലവാരം കുറവാണെന്നുള്ള ആക്ഷേപം നിലനിൽക്കുന്നുണ്ട്. അത് മാറ്റാനുള്ള നിരവധി നടപടികൾ ഈ സർക്കാർ വന്നതിനുശേഷം എടുത്തിട്ടുണ്ട്. എന്റെ ചോദ്യം നിലവാരം തകരാനുള്ള പലകാരണങ്ങളിൽ പ്രധാനപ്പെട്ടത് അവിടെ പഠിപ്പിക്കുന്ന ലക്ച്ചറർമാരുടെ യോഗ്യതയുമായി ബന്ധപ്പെട്ട് അവരുടെ ടീച്ചിംഗ് കോമ്പീറ്റൻസിയുടെ കാര്യമാണ്. പലപ്പോഴും രേഖകളിൽ കാണുന്ന അദ്ധ്യാപകർ ആയിരിക്കില്ല അവിടെ പഠിപ്പിക്കുന്നത്. വളരെ കുറഞ്ഞ തുകയ്ക്ക് യോഗ്യതയില്ലാത്ത ആളുകൾ പല സ്വാശ്രയ കോളേജുകളിലും പഠിപ്പിക്കുന്നുവെന്ന ആക്ഷേപം മനസ്സിലാക്കി ഇത് നിയന്ത്രിക്കാനും കൂടുതൽ യോഗ്യതയുള്ള അദ്ധ്യാപകരെ ഉറപ്പുവരുത്താനുമുള്ള മാനദണ്ഡം ഉണ്ടോ? നിലവിൽ യു.ജി.സി.-യുടെ മാനദണ്ഡമനുസരിച്ച് ഇതിനുള്ള ഒരു മെക്കാനിസം ഉണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തത്തക്ക രീതിയിൽ നിരവധി നടപടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചെന്നൈ ഐ.ഐ.റ്റി.യിലും മറ്റ് ഐ.ഐ.റ്റി.-കളിലും കേരളത്തിലെ ഏകദേശം 100 ശതമാനം അദ്ധ്യാപകരെ പറഞ്ഞയച്ച് അവർക്ക് അവിടെ പരിശീലനം കൊടുക്കുകയാണ്. പക്ഷെ പ്രാഥമികമായ ചെറിയൊരു പരിശീലനംകൊണ്ട് ഉദ്ദേശിച്ചതുപോലെ അക്കാദമിക് ലെവൽ വരില്ല. അക്കാദമിക നിലവാരം ഉയരണമെങ്കിൽ സമയമെടുക്കുമെന്ന് അങ്ങേയ്ക്ക് അറിയാം. സ്വാശ്രയ കോളേജുകളുടെ വരവിൽ വലിയൊരു ഇൻഫ്ളേഷൻ നടന്ന കാലഘട്ടത്തിലുണ്ടായ അക്കാദമിക നിലവാരത്തകർച്ച നാമെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്നതും നമുക്കൊക്കെ വേദനയുണ്ടാക്കുന്നതുമാണ്. അതുകൊണ്ടുതന്നെയാണ് പൊതുവിദ്യാഭ്യാസത്തിൽ കൂടുതൽ ഊന്നൽനൽകുന്നത്. അങ്ങനെ വരുമ്പോൾ തീർച്ചയായിട്ടും അതിലെ അദ്ധ്യാപകരെ പരിശീലിപ്പിക്കുക കേരളത്തിലല്ല, കേരളത്തിന്റെ പുറത്തല്ല, രാജ്യത്തിന്റെ പുറത്തുപോലും അദ്ധ്യാപകരെവിട്ട് പരിശീലനം കൊടുത്ത്, ടെക്യുപ്- 1, ടെക്യുപ്-2 ഒക്കെ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതല്ലാതെ തന്നെ സാങ്കേതിക സർവ്വകലാശാലയേയും കൊച്ചിൻ സർവ്വകലാശാലയേയും

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെടുത്തി പരിശീലനം കൊടുക്കും. അദ്ധ്യാപകരുടെ പൊട്ടൻഷ്യൽ ഉയർത്തുക, അതുപോലെതന്നെ മറ്റൊന്നുകൂടിയുണ്ട്, വായനശാലകളുടെ പൊട്ടൻഷ്യൽ ഉയർത്തി ഓരോ എഞ്ചിനീയറിംഗ് കോളേജുകളിലെയും ലൈബ്രറികൾ ഇന്റർനാഷണൽ ലെവലിലുള്ള ലൈബ്രറികളാക്കാൻ ശ്രമിക്കുകയാണ്. അദ്ധ്യാപകർ മാത്രംപോരാ, റഫറൻസ് ബുക്കും അത് വായിക്കാനുള്ള സങ്കേതങ്ങളും ഉണ്ടാകണം. അതുകൊണ്ട് ലൈബ്രറികളും അതുപോലെ ലബോറട്ടറികളും അദ്ധ്യാപക പരിശീലനവും ഒരു പോലെ ശ്രദ്ധിച്ച് വളർത്തിക്കൊണ്ട് വരുകയാണ്. അത് തീർച്ചയായിട്ടും ഒന്നുരണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ പ്രതിഫലിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രയാസങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്റെ ധാരണയനുസരിച്ച്, നിലവിലുള്ള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ സിലബസ്സും അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ സിലബസ്സും വ്യത്യസ്തമാണ്. നമ്മൾ ആഗ്രഹിക്കുന്നത് നമ്മുടെ കുട്ടികൾ ഐ.ടി.ഐ.-യിൽനിന്ന് പുറത്ത് വരുന്ന കുട്ടികളെ പോലെയാകണമെന്നാണ്. പ്രത്യേകിച്ച് കംപ്യൂട്ടർ സയൻസിന്റേതടക്കമുള്ള സിലബസ്സ് ഇപ്പോഴത്തെ കാലഘട്ടത്തിനനുസരിച്ച് ജോബ് ഓറിയന്റഡ് ആയ തരത്തിൽ ഉയർന്നു നിൽക്കുന്നില്ലെന്നത് അങ്ങേക്കും വളരെ വ്യക്തമായി അറിയാവുന്നതാണ്. അതുകൊണ്ട് ആ സിലബസ്സ് മാറ്റാനാവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയുമോ? എം.ബി.എ. അക്രെഡിറ്റേഷൻ കിട്ടിയ കുട്ടികൾക്കേ ജോലി കൊടുക്കുകയുള്ളൂ എന്ന് പുറത്തുള്ള യൂണിവേഴ്സിറ്റികളും കുവൈറ്റ് അടക്കമുള്ള രാജ്യങ്ങളും പറയുന്നുണ്ട്. അതുകൊണ്ട് അഫിലിയേഷൻ സമയത്തുതന്നെ കാലാവധി പറഞ്ഞുകൊണ്ട് അക്രെഡിറ്റേഷൻ നിർബന്ധമാക്കാനും കുട്ടികൾക്ക് സൗകര്യപ്രദമായ രൂപത്തിൽ സിലബസ്സ് മാറ്റാനും ആവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ് - ഞാൻ നേരത്തെ അദ്ദേഹത്തിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞതാണ്. ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിച്ചിരിക്കുന്നത്, അക്കാദമിക് എക്സലൻസ് അതുപോലെ തൊഴിൽ ലഭിക്കുന്നില്ലെന്ന പ്രശ്നമൊക്കെ പരിഹരിക്കത്തക്ക രീതിയിൽ സിലബസ്സിന്റെ സമഗ്രമായ പരിഷ്കരണത്തിനാണ്. അത്തരത്തിൽ പരിഷ്കരിക്കണമെങ്കിൽ നിലവിലുള്ള എ. പി. ജെ. സർവ്വകലാശാലയിലെ സംവിധാനങ്ങൾ പോര. അതുകൊണ്ടാണ് ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കുന്നതും ബോർഡ് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റഡീസിൽ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചതും അവരുടെ നേതൃത്വത്തിൽ കേരളത്തിൽ വ്യാപകമായി ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ അടക്കം ചർച്ചകൾ നടത്താൻ പോകുന്നതും. അതുകൊണ്ട് വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച്, ഈ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിൽ, കേന്ദ്രബിന്ദു എന്ന രീതിയിൽ സിലബസ്സിനെ മെച്ചപ്പെടുത്തിയെടുക്കാനുള്ള വളരെ വിശദമായ, ആഴത്തിലുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. എനിക്ക് അത് നേരിട്ടറിയാമെന്നതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഒരു പക്ഷെ അറിയാത്തതുകൊണ്ടാവാം അങ്ങിത് സൂചിപ്പിച്ചത്. തീർച്ചയായും ആരും ആശങ്കപ്പെടേണ്ട കാര്യമില്ല. പുതിയ അക്കാദമിക്ക് കമ്മിറ്റി, നിലവിലുള്ള എല്ലാ കമ്മിറ്റികളുടേയും സഹായത്തോടുകൂടി കേരളത്തിലെ എഞ്ചിനീയറിംഗ് രംഗത്തെ എല്ലാ വിദഗ്ദ്ധരെയും പൂൾ ചെയ്ത് കേരളത്തിന്റെ എഞ്ചിനീയറിംഗ് അക്കാദമിക്സ് വളർത്തത്തക്ക രീതിയിൽ അടിസ്ഥാന സിലബസ്സ് പരിഷ്കരിച്ചെടുക്കും.

<u>ശ്രീ. കെ. രാജൻ:</u> സർ, കെ.റ്റി.യു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്ന വിവരം അങ്ങേയ്ക്ക് അറിയാമല്ലോ. തികച്ചും വിദ്യാർത്ഥിവിരുദ്ധവും ഏകാധിപത്യപരവുമായ പ്രവണതകളാൽ യൂണിവേഴ്സിറ്റി അപകടത്തിന്റെ ഒരു വിളനിലത്തിലായിരുന്നു നേരത്തെ പ്രവർത്തിച്ചിരുന്നത്. അതിനെ മാറ്റാൻ ശ്രമം നടന്നിട്ടുണ്ടെന്നത് ശരിയാണ്. അത് ശ്ലാഘനീയമാണ്. കെ.റ്റി.യു.-വിനെ ജനാധിപത്യവൽക്കരിക്കാനും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിനുംവേണ്ടി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, നേരത്തെയുണ്ടായിരുന്ന ബോർഡ് ഓഫ് ഗവർണേഴ്സും അതുപോലെ എക്സിക്യൂട്ടീവ് എന്നത് സിൻഡിക്കേറ്റന്നാക്കി മാറ്റിയതും അക്കാദമിക് കൗൺസിലും നിലവിലുണ്ടായിരുന്നു. ഇതിൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ നിലവിൽ 4 വിദ്യാർത്ഥി പ്രതിനിധികളാണ് ഉണ്ടായിരുന്നത്. അത് പുതുക്കി ആറ് വിദ്യാർത്ഥി പ്രതിനിധികളാക്കി. അതിൽ വനിതാ, എസ്.സി, എസ്.ടി പ്രാതിനിധ്യവും ഉറപ്പാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരുടെ പ്രശ്നങ്ങൾ സർവ്വകലാശാലയിൽ പറയത്തക്ക രീതിയിൽ വിദ്യാർത്ഥി പ്രാതിനിധ്യം കൂട്ടി എന്നതാണ്. രണ്ട്, മാനേജർമാരുടെ പ്രാതിനിധ്യം കുറച്ചു. നിലവിൽ 4 മാനേജർമാർ; അതിൽ 3 പേർ അൺ എയ്ഡഡിൽ നിന്നുമായിരുന്നു. അത് മൂന്ന് മാനേജർമാരാക്കി - ഒരെണ്ണം സർക്കാർ, ഒരെണ്ണം എയ്ഡഡ്, ഒരെണ്ണം സ്വാശ്രയം. അതുപോലെ അദ്ധ്യാപകരുടെ പ്രാതിനിധ്യം നിലവിൽ 4 പേർ

LIBRARY ARCHIVES Kerala Legislative Assembly

എന്നത് 5 പേർ എന്നാക്കി. അതുപോലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിലവിൽ സ്വകാര്യ കോളേജ് മാനേജർമാർക്ക് മാത്രമേ വരാൻ കഴിഞ്ഞിരുന്നുള്ളൂ. അത് പുതുക്കി എയ്ഡഡ്, സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയം - എല്ലാ മേഖലകളിൽനിന്നും പ്രാതിനിധ്യം ഉണ്ടാക്കി. ഇതാണ് യഥാർത്ഥത്തിൽ ജനാധിപത്യവൽക്കരണം. എഞ്ചിനീയറിംഗ് കോളേജ് ഇന്ന് കേരളത്തിൽ ഏതെല്ലാം തലത്തിലുണ്ടോ- സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയം, സ്വാശ്രയം എന്നീ മേഖലകളിൽ നിന്നെല്ലാം പ്രാതിനിധ്യം ഉണ്ട്. അതേസമയം പൊതുവിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിക്കുകയും എസ്.സി, എസ്.ടി, വനിതാ പരിഗണന വരികയും ചെയ്തു. യഥാർത്ഥത്തിൽ ഇപ്പോൾ കെ.റ്റി.യു.-വിന്റെ ഭരണസമിതിയെന്ന് പറയുന്നത് തികച്ചും ജനാധിപത്യപരമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഉത്സവത്തിനും പെരുനാളിനും ആളുകൾ കൂടുന്നതുപോലെ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി മത്സ്യക്കച്ചവടക്കാരും മരക്കച്ചവടക്കാരും ചിട്ടിക്കമ്പനിക്കാരും സ്വർണ്ണ വ്യാപാരികളും റിയൽ എസ്റ്റേറ്റുകാരും തള്ളിക്കയറിയതിന്റെ ഒരു ദുരന്തമാണ് ഇന്ന് കേരളം അനുഭവിക്കുന്നത്. എല്ലാ ഗവൺമെന്റിന്റെ കാലത്തും ഇതുണ്ടായിരുന്നു. അങ്ങനെയുള്ള തള്ളിക്കയറ്റംമൂലം എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം തകർന്നുവെന്നുള്ളതിന്റെയും നമ്മുടെ കുട്ടികളെ ആർക്കും വേണ്ടെന്നുള്ളതിന്റെയും ഉദാഹരണമാണ് കുവൈറ്റ് ഗവൺമെന്റ് സ്വീകരിച്ച നിലപാട്. വളരെ പ്രശസ്തമായ നിലയിൽ മുന്നോട്ടുപോകേണ്ട നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വളരെ മോശമാണെന്ന് ഇവിടത്തെ ചർച്ചകളിൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതാണ്. ഇപ്പോഴും സാങ്കേതിക സർവ്വകലാശാലയ്ക്ക് വൈസ് ചാൻസിലർ ഇല്ല. അവിടെ ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചുവെങ്കിലും ആളുകളെ നോമിനേറ്റ് ചെയ്തിട്ടില്ല. യൂണിവേഴ്സിറ്റി തുടങ്ങിയതിൽപ്പിന്നെ കുട്ടികളുടെ കലോത്സവങ്ങളും കായികോത്സവങ്ങളും നടത്തിയിട്ടില്ല. ആത്മഹത്യാ കേന്ദ്രങ്ങളായി പല എഞ്ചിനീയറിംഗ് കോളേജുകളും മാറുന്നുണ്ട്. 5-ാം സെമസ്റ്റർ പരീക്ഷ നടന്നിട്ട് 5 മാസം കഴിഞ്ഞു. ഇതുവരെ അതിന്റെ റിസൾട്ട് വന്നിട്ടില്ല. ഇങ്ങനെ ആകെ കുത്തഴിഞ്ഞ നിലയിലാണ് സാങ്കേതിക സർവ്വകലാശാല. വൈസ് ചാൻസിലറെ നിയമിക്കുകയും കുട്ടികളുടെ കലോത്സവും കായികോത്സവും നടത്തുകയും ചെയ്യണം. 5-ാം സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് അടുത്ത പരീക്ഷയ്ക്ക് മുമ്പെങ്കിലും പബ്ലിഷ് ചെയ്യുമോ? ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് സമയബന്ധിതമായി ഇടപെടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും ശ്രദ്ധിക്കും, ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. അങ്ങയുടെ ആശങ്കകളെല്ലാം മാറ്റത്തക്ക രീതിയിലുള്ള മാറ്റങ്ങൾ കെ.റ്റി.യു.-വിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ താല്ക്കാലിക വൈസ്ചാൻസലർ കൊച്ചിൻ സർവ്വകലാശാല വൈസ്ചാൻസലർ ഡോ. ലതയാണ്. സെർച്ച് കമ്മിറ്റി രൂപീകരിക്കുകയെന്നതാണ് പുതിയ വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള ആദ്യപടി. ആ സെർച്ച് കമ്മിറ്റി എത്രയുംവേഗം രൂപീകരിക്കും; അതായത് അതിനുള്ള നടപടികൾ പെട്ടെന്ന് ആരംഭിക്കും. എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. കുട്ടികൾക്ക് കലാ-കായിക രംഗത്ത് അവരുടെ മികവ് തെളിയിക്കാനുള്ള അവസരം ഉണ്ടായിരുന്നില്ലെന്നതാണ് ഞാൻ വിദ്യാർത്ഥികളുമായി നടത്തിയ ചർച്ചയിൽ അവരുടെ ഏറ്റവും പ്രധാനപ്പെട്ട പരാതി. ആ പരാതി പരിഹരിക്കത്തക്കവിധത്തിൽ സാങ്കേതിക സർവ്വകലാശാലയും മറ്റുള്ള സർവ്വകലാശാലകളിൽ നടത്തുന്നതുപോലെ കലാ-കായിക ഉത്സവങ്ങൾ നടത്തുമെന്ന് തീരുമാനിച്ചിരുന്നു. അതിനുള്ള ഏർപ്പാടുകളായിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ കോളേജുകളിലും കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സ്പോർട്സ് ആക്റ്റിവിറ്റീസ് സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്ത കോളേജുകളെ ആറ് സോണുകളായി തിരിച്ച്, കോളേജ് തലത്തിലും സോണൽ തലത്തിലും ഇന്റർസോൺ തലത്തിലും വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അന്തർ സർവ്വകലാശാല തലത്തിലും ദേശീയ തലത്തിലും സർവ്വകലാശാലയെ പ്രതിനിധീകരിച്ച് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷം മുതൽ സർവ്വകലാശാലയിൽ കലാ-കായിക മത്സരങ്ങളും സംസ്ഥാന തലത്തിലുള്ള മത്സരവും സംഘടിപ്പിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി അക്കാദമിക് കലണ്ടർ രൂപീകരിക്കുകയാണ്. ഇതെല്ലാം നടന്നുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. മാറ്റത്തിന് തുടക്കംകുറിച്ചിരിക്കുകയാണ്. നമ്മുടെ ആശങ്കകളെല്ലാം പൂർണ്ണമായും പരിഹരിച്ച് ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന സർവ്വകലാശാലയായി മാറ്റും. അതിന് എല്ലാവരും ഒന്നിച്ച് നിൽക്കേണ്ടതുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രശ്നം കേരളത്തിന്റെ മൊത്തം പ്രശ്നമാണ്. അത് പരിഹരിക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടക്കുമ്പോൾ ഒപ്പം എല്ലാവരുമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly